**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5634 02.11.2016 -ൽ മറുപടിക്ക്

## വിനോദസഞ്ചാര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിന്റെ വേഗം കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | എ) തെരഞ്ഞെടുത്ത പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനും പദ്ധതികൾ തയ്യാറാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തികളും വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>അന്താരാഷ്ട്ര രംഗത്ത് കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിന് ആധുനികവും നൂതനവുമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന പ്രചരണ വിപണന പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ വിവിധ സ്ഥാപന ങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡുകൾ, യൂണിഫോം എന്നിവ നിർബന്ധ മാക്കുന്നതിന് തീരുമാനിക്കുമോ; വിശദാംശം നല്കുമോ; | ബി) | ടൂറിസം വകുപ്പിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡും, സർക്കാർ നിശ്ചയിച്ച വിഭാഗം ജീവനക്കാർക്ക് യൂണിഫോമും നിലവിലുണ്ട്. |
| സി) | വിനോദ സഞ്ചാരികൾക്ക് സഹായകമാകുന്ന തരത്തിലുള്ള വിവരങ്ങളടങ്ങുന്ന പ്രദർശന ബോർഡുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ ദിശാസൂചക ബോർഡുകൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പാതയോര ങ്ങളിലും മറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അടങ്ങുന്ന പ്രദർശന ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ